1992 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ ടി. ദർഘാസ് ശതമാനം ന്യായമാണെന്ന് കണ്ടതിനാലാണ് പ്രസ്തുത പണി എസ്റ്റിമേറ്റിനേക്കാൾ വർദ്ധിച്ച തുകയ്ക്ക് 7.11.1995-ൽ കരാർ നൽകിയത്.

(ഡി) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനനുസരിച്ച് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടായിരുന്നു. അതിൻപ്രകാരം സെല്ലാർ പണിതിട്ടുണ്ട്. കടകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചാണ് അണ്ടർ ഗ്രൗണ്ട് സെല്ലാർ പണിതത്.

(ഇ) 66 ലക്ഷം രൂപ.

(എഫ്) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനിൽ 15 നിലകൾ (സെല്ലാർ + ഗ്രൗണ്ട് + 13 നിലകൾ) ഉണ്ടായിരുന്നു. ലോക്കൽ അതോറിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചപ്പോൾ അതിൽ ചില ഒഴിവാക്കലുകൾ അത്യാവശ്യമായി വരികയും 15.4.1997-ൽ ഒഴിവാക്കൽ ഉത്തരവിൽ മൊത്തം 14 നിലകൾ (സെല്ലാർ + ഗ്രൗണ്ട് + 12 നിലകൾ) നിർമ്മിക്കുവാൻ മാത്രമേ സർക്കാർ അനുമതി ലഭിച്ചുള്ളൂ. അതിൻപ്രകാരം ഓഫീസ് ഏരിയ ആയി വിഭാവനം ചെയ്തിട്ടുള്ള മുകളിലത്തെ ഒരു നില കുറച്ച് പ്ലാൻ പുതുക്കുകയുണ്ടായി. അതനുസരിച്ചാണ് പണി പുരോഗമിച്ചുവരുന്നത്.

(ജി) അധിക ചെലവൊന്നും വന്നിട്ടില്ല.

(എച്ച്) സെല്ലാർ കടൽ നിരപ്പിന് താഴെ ആണ് ഉണ്ടാക്കിയത്. കടലിനു വളരെയടുത്ത് കടൽനിരപ്പിനു താഴെ പണിയുന്ന എല്ലാ സ്ഥലത്തും വെള്ളത്തിന്റെ ഊറ്റ് അനുഭവപ്പെടാൻ സാദ്ധ്യതയുണ്ട്.

(ഐ) ടി പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സെല്ലാർ ഫ്ളോറിന്റെ വശങ്ങളിലെ ചുവരുകളിൽ മാത്രം വാട്ടർ പ്രൂഫിംഗ് ചെയ്യുന്നതിനായി 5.77 ലക്ഷം രൂപയുടെ (ദർഘാസ് വർദ്ധനവ് ഉൾപ്പെടെ) പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സെല്ലാർ ഫ്ളോറിന്റെ മണ്ണ് മാറ്റിയപ്പോൾ കണ്ട വെള്ളത്തിന്റെ ഊറ്റും മർദ്ദവും കണക്കിലെടുത്തപ്പോൾ ഫ്ളോറിലും കൂടി വാട്ടർ പ്രൂഫിംഗ് ചെയ്യേണ്ടത് അനിവാര്യമാണെന്ന വിദഗ്ദ്ധ അഭിപ്രായം കണക്കിലെടുത്ത് തറയിലും ചുവരുകളിലും വാട്ടർ പ്രൂഫിംഗ് ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന് ഏകദേശം 23 ലക്ഷം രൂപ ചെലവ് വരും.

154 (1375) റാന്നിയിലെ റവന്യൂ ടവർ നിർമ്മാണം

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവണ്മെന്റിന്റെ കാലത്ത് റാന്നിയിൽ റവന്യൂ ടവർ പണിയുവാൻ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ തറക്കല്ലിടുകയുണ്ടായോ;

(ബി) എങ്കിൽ എന്നാണ് കല്ല് ഇട്ടത്;

(സി) കല്ലിടുന്നതിന് മുൻപ് റവന്യൂ ടവറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നോ; ആരാണ് കരാർ ഏറ്റെടുത്തത്;

(ഡി) റവന്യൂ ടവർ നിർമ്മാണത്തിന് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാതെ നിർമ്മാണത്തിന് തറക്കല്ലിട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1996 മാർച്ച് മാസം 1-ാം തീയതി.

(സി) കല്ലിടുന്നതിനുമുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നില്ല. കരാർ ആരെയും ഏല്പിച്ചതുമില്ല.

(ഡി) ഇല്ല. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എത്രയുംവേഗം തുടങ്ങാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുൻപായി തറക്കല്ലിട്ടത്.

155 (1376) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ പണി സംബന്ധിച്ച അനന്തരനടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ ആർക്കിടെക്ചറൽ ഡ്രായിംഗ് പൂർത്തീകരിച്ച് ഡ്രിക് ബോർഡിലേക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി കൊടുത്തിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ കിട്ടിയാലുടനെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

156 (1377) കോഴിക്കോട് പുതിയ ബസ്സ്റ്റാന്റിനടുത്ത് സ്ളാബ് പൊടിഞ്ഞു വീണ സംഭവം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പുതിയ ബസ്സ്റ്റാന്റിനടുത്ത് സ്ളാബ് പൊടിഞ്ഞ് വിണ് ആളുകൾ അഴുക്ക് ചാലിൽ വീണ് പരിക്ക് പറ്റിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ളാബ് പൊടിഞ്ഞ് വീഴുവാൻ കാരണമെന്താണെന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) പരിശോധനയിൽ വെളിവായ വിവരങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ഡി) പരിശോധിച്ചിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് പരിശോധിക്കാതിരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) വർഷങ്ങൾക്ക് മുൻപ് പണിത പഴകിയതും ദ്രവിച്ചതുമായ സ്ളാബുകളാണ് പൊടിഞ്ഞുവീണത്. മുൻപ് ഓവുചാൽ മൂടാൻമാത്രം നിർമ്മിച്ചവയാണ് ഇവ. ഇവയുടെ നിർമ്മാണ സമയത്ത് മാവൂർ റോഡ് ഇന്നത്തെയത്ര വികസിച്ചിട്ടില്ല. റോഡ് വികസിക്കപ്പെട്ടപ്പോൾ നിരപ്പിലും വീതിയിലും

LIBRARY ARCHIVES Kerala Legislative Assembly